**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2705** **17-03-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ വകുപ്പിലെ ഓഡിറ്റിന് എകീകൃത സോഫ്റ്റ് വെയർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഐ .സി .ബാലകൃഷ്ണൻ | | null<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ വകുപ്പിലെ ഓഡിറ്റിനു വേണ്ടി എകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കാനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | സഹകരണ വകുപ്പിന്റെ ആധുനികവത്ക്കരണത്തിന്റെ ഭാഗമായി ICDMS (Integrated Co-operative Department Management System) പദ്ധതി പ്രകാരം സഹകരണസംഘങ്ങളുടെ രജിസ്ട്രേഷൻ &ബൈലാ ഭേദഗതി, ഫണ്ട് മാനേജ്മെന്റ് മൊഡ്യൂൾ, ആഡിറ്റ് മൊഡ്യൂൾ എന്നീ 3 സേവനങ്ങളാണ് ഓൺലൈൻ വഴി നടപ്പിലാക്കിയിട്ടുള്ളത്. ആഡിറ്റ് മൊഡ്യൂൾ :- സഹകരണ സംഘങ്ങളുടെ ആഡിറ്റ് റിപ്പോർട്ട് സോഫ്റ്റ് വെയർ സംവിധാനത്തിൽ തയ്യാറാക്കി ഓൺലൈൻ ആയി ലഭ്യമാക്കുന്നതിനുള്ള മൊഡ്യൂളിന്റെ സോഫ്റ്റ് വെയർ ഡെവലപ്മെന്റ് നടപടികൾ അന്തിമ ഘട്ടത്തിലാണ്. യൂസർ അക്സ്പ്റ്റൻസ് ടെസ്റ്റ് (UAT)നടപടികൾ പുരോഗമിക്കുന്നു. |
| (ബി) | കേരള ബാങ്ക് രൂപീകരണം മൂലവും അർബൻ ബാങ്കിലെ ഓഡിറ്റ് സഹകരണ വകുപ്പിൽ നിന്നും എടുത്തു മാറ്റിയതു മൂലവും വകുപ്പിലെ ജീവനക്കാരുടെ തസ്തികകൾ സംരക്ഷിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) | കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് വകുപ്പിലെ ഒരു തസ്തികയും നഷ്ടപ്പെട്ടിട്ടില്ല. 2020 ലെ Banking Regulation (Amendment) Act ഭേദഗതി പ്രകാരം അർബൻ സഹകരണ ബാങ്കുകളിൽ സാമ്പത്തിക ആഡിറ്റ് ചാർട്ടേഡ് അക്കൗണ്ടന്റുമാർ നടത്തണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇക്കാരണത്താൽ അർബൻ ബാങ്കിൽ നിലവിലുണ്ടായിരുന്ന സമകാലീന ആഡിറ്റർമാർ തുടരേണ്ടതില്ല എന്ന് ബന്ധപ്പെട്ട അർബൻ ബാങ്ക് ഭരണ സമിതികൾ തീരുമാനം എടുത്തിട്ടുള്ളതിനാൽ പ്രസ്തുത ആഡിറ്റർമാരുടെ തസ്തിക നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. സംസ്ഥാന സർക്കാർ അർബൻ ബാങ്കിന്റെ പ്രതിനിധികളുമായി ഈ വിഷയത്തിൽ ചർച്ച നടത്തുകയും അപ്പെക്സ് സ്ഥാപനങ്ങൾക്ക് സമാനമായി അർബൻ ബാങ്കുകളിൽ അഡ്മിനിസ്റ്റേറ്റീവ് ആഡിറ്റ് നടത്തുന്നതിന് തീരുമാനം എടുക്കുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് സഹകരണ നിയമത്തിൽ മാറ്റം |

| | | | |
|---|---|---|---|
| | | | വരുത്തുന്നതിനും ഒന്നിലധികം സ്ഥാപനങ്ങളുടെ ഗ്രൂപ്പ് കൺകറന്റ് ആഡിറ്റർ തസ്തിക സൃഷ്ടിച്ച് അഡ്മിനിസ്ട്രേറ്റീവ് ആഡിറ്റ് നടത്തുന്നതിനും തീരുമാനം എടുത്തിട്ടുണ്ട്. |
| (സി) | കരുവന്നൂർ ബാങ്കിലെ ക്രമക്കേടുകളുടെ പശ്ചാത്തലത്തിൽ വകുപ്പിൽ ഓരേ തസ്തികയിൽ ദീർഘകാലം ജോലി ചെയ്തു വരുന്ന ജീവനക്കാരെ സ്ഥലം മാറ്റണമെന്ന തീരുമാനം ഓഡിറ്റ് വിഭാഗത്തിൽ നടപ്പിലാക്കിയോ എന്നു വിശദമാക്കാമോ? | (സി) | സഹകരണവകുപ്പിലെ ഓഡിറ്റ് വിഭാഗത്തിലെ ഗസറ്റഡ് തസ്തികകളിലെ ജീവനക്കാരുടെ സ്ഥലം മാറ്റവുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തിയായി വരുന്നു. 3 വർഷത്തിൽ കൂടുതൽ കാലം ഒരേ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന നോൺ ഗസറ്റഡ് ജീവനക്കാരെ സ്ഥലം മാറ്റി നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ